**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയിൽ സുശീൽ ഖന്ന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതു മുതൽ കെ.എസ്.ആർ.ടി.സിയിൽ സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ പേര് പറഞ്ഞ് ലൈൻ ഡ്യൂട്ടി വിഭാഗത്തിൽപ്പെടുന്നവർക്ക് എതിരെ ഗവൺമെന്റ് നയത്തിന്റെ ഭാഗമായി അടിച്ചേൽപ്പിച്ച പരിഷ്ക്കാരങ്ങൾ കൊണ്ട് കഴിഞ്ഞ നാലര വർഷം കെ.എസ്.ആർ.ടി.സി ഏത്ര കോടി രൂപ ലാഭമുണ്ടാക്കി; ഏതൊക്കെ മേഖലകളിൽ; എത്ര വീതം; കണക്കുകൾ സഹിതം വ്യക്തമാക്കുമോ; | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന് പൊയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.യിൽ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. സുശീൽ ഖന്നയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ടിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ നിരവധി പരിഷ്ക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക വിഭാഗം ജീവനക്കാർക്കെതിരെയൊ, തൊഴിലാളികളുടെ അവകാശങ്ങൾ ലംഘിക്കുന്ന പരിഷ്ക്കാരങ്ങളൊ കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടില്ല. പരിഷ്ക്കരണ നടപടികളിലൂടെ ലഭിച്ച സാമ്പത്തിക നേട്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. യിലെ ഓഫീസുകൾക്ക് മാസത്തിലെ 2-ാം ശനിയാഴ്ച മറ്റ് ഗവ. ഓഫീസുകൾക്ക് സമാനമായി പൊതു അവധി നൽകിയത് തുടരുന്നതിനും മറിച്ച് ലൈൻ ഡ്യൂട്ടി വിഭാഗക്കാർക്ക് ഇത് നിഷേധിക്കുന്നതിനോ അല്ലെങ്കിൽ തൽസ്ഥിതി (ടി വിഭാഗക്കാർക്ക് അവധി നൽകാതിരിക്കുന്നതിനും) തുടരുന്നതിനോ ശുപാർശ ഉണ്ടായിരുന്നോ; എങ്കിൽ വിശദവിവരം റിപ്പോർട്ടിന്റെ പകർപ്പിലെ ഭാഗം ഉദ്ധരിച്ച് വ്യക്തത നൽകുമോ; | (ബി) | ഇത്തരത്തിൽ ശുപാർശ ലഭ്യമായിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ മാത്രം യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണയിലാണ് ഒരു വിഭാഗക്കാർക്ക് അവധി അനുവദിക്കുന്നതിനും ഒരേ സ്ഥാപനത്തിലെ ലൈൻ ഡ്യൂട്ടി എടുക്കുന്ന മറ്റു വിഭാഗക്കാർക്ക് മാത്രം ഈ ആനുകൂല്യം നിഷേധിക്കുന്നതിനും കാരണമെന്ന സർക്കാർ വാദം | (സി) | Negotiable Instrument Act - പ്രകാരം അവധി നൽകുന്ന സ്ഥാപനമാകയാലാണ് രണ്ടാം ശനി അവധിയ്ക്ക് യോഗ്യരായ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ച് വരുന്നത്. പ്രസ്തുത ACT പ്രകാരം എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം ടി വിഭാഗം |

| | | | |
|---|---|---|---|
| | നീതിയുക്തമാകുമോ; എങ്കിൽ എപ്രകാരമെന്ന് അറിയിക്കുമോ; | | ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ചകൾ പ്രവൃത്തി ദിവസങ്ങളാക്കുന്നത് വഴി രണ്ട്, നാല് ശനിയാഴ്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ടി വിഭാഗം ജീവനക്കാർ അർഹത നേടുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.യിൽ ഇപ്രകാരം അവധിയ്ക്ക് അർഹരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ചമാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ച് വരുന്നത്. അർഹമായ അവധികൾ അർഹരായ വിഭാഗം ജീവനക്കാർക്ക് അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥരാണ് ആയതിനാൽ രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധിയായി അനുവദിക്കുന്നത് വഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. |
| (ഡി) | ഇല്ലെങ്കിൽ ഈ അവധി ദിനം ഒരു വിഭാഗക്കാർക്ക് മാത്രം ലഭ്യമാക്കിയതു കൊണ്ട് കഴിഞ്ഞ നാലര വർഷം എത്ര കോടി രൂപ തുക ഇനത്തിൽ കെ.എസ്.ആർ.ടി.സി യിൽ ലാഭമുണ്ടാക്കാനായി; പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (ഡി) | സാമ്പത്തിക നേട്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ഇ) | ടി അവധി ലൈൻ ഡ്യൂട്ടിക്കാർക്കും ബാധകമാക്കാനാവുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത അവധി ദിനം കെ.എസ്.ആർ.ടി.സി യുടെ അവധി പട്ടികയിൽ നിന്ന് ഒഴിവാക്കി പ്രസ്തുത ദിവസവും പ്രവർത്തി ദിനമാക്കുന്നതിനെക്കുറിച്ച് തീരുമാനമുണ്ടാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വൈചിത്ര്യമുള്ള സർക്കാർ നിലപാടിന്റെ കാരണമറിയിക്കുമോ? | (ഇ) | മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് Negotiable Instrument Act പ്രകാരവും ടി വിഭാഗം ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചുമാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ / ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റാ, കളക്ഷൻ ബാറ്റാ, കിലോമീറ്റർ/ ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ നൽകുന്നില്ല. സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ / അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ ആനുകൂല്യങ്ങൾ കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ അനർഹമായി രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ